**പതിമൂന്നാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2677. 2.4.2013 ൽ മറുപടിക്ക്

**<u>അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ.പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) ഹയർ സെക്കന്ററി സ്കൂളുകളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | എ) യുവ തലമുറയെ അവരുടെ വിദ്യാഭ്യാസ കാലയളവിൽ തന്നെ തൊഴിൽ മേഖലയിൽ പ്രാവീണ്യം നൽകുക വഴി വൈദഗ്ധ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. |
| ബി) ഈ പദ്ധതിക്കായി എത്ര സ്കൂളുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്; ഇതിന്റെ മാനദണ്ഡം എന്താണ്; | ബി) നിയമസഭാ സമാജികൽ നിർദ്ദേശിക്കുന്ന അവരവരുടെ മണ്ഡലത്തിലെ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലാണ് നടപ്പുവർഷം അഡീഷമൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടപ്പാക്കുന്നത്. സാമൂഹികമായും ഏറ്റവും പിന്നോക്കം നിൽക്കുന്ന മേഖലയിലെ സ്കൂളുകളെ വേണ് ഇതിനായി തിരഞ്ഞെടുക്കേണ്ടത്. |
| സി) പത്തനംതിട്ട ജില്ലയിൽ ഏതൊക്കെ സ്കൂളുകളിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്; ഇതിന് എന്തു തുക ചെലവു വരും; | സി) പത്തനംതിട്ട ജില്ലയിൽ കോന്നി നിയോജകമണ്ഡലത്തിൽ ജി.എച്ച്.എസ്.എസ്.കോന്നി, റാന്നി നിയോജകമണ്ഡലത്തിൽ ജി.എച്ച്.എസ്.എസ്.വെച്ചൂച്ചിറ, അടൂർ നിയോജകമണ്ഡലത്തിൽ ജി.എച്ച്.എസ്.എസ് തോട്ടക്കോണം, ആറന്മുള നിയോജകമണ്ഡലത്തിൽ ജി.എച്ച്.എസ്.എസ്.കടമ്മനിട്ട എന്നീ സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കുന്നത്. ഓരോ സ്കൂളിലും പ്രത്യേകം പ്രത്യേകം തുക നിശ്ചയിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| ഡി) | ഈ പദ്ധതി നടപ്പാക്കുന്നതിന് എത്ര രൂപ, ഏതൊക്കെ ഇനങ്ങളിലായി ചെലവാക്കുന്നു; | ഡി) | നടപ്പു വർഷം പദ്ധതി നടപ്പാക്കുന്നതിന് 13.50 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ചീഫ് സെക്രട്ടറി ചെയർമാനായ ഒരു എംപവേർഡ് കമ്മിറ്റിയാണ് പദ്ധതിയ്ക്ക് മേൽനോട്ടം വഹിക്കുന്നത്. ട്രയിനിംഗ്, കോഴ്സ് മെറ്റീരിയൽ തയ്യാറാക്കൽ, ഭരണ പരമായ ചെലവുകൾ കുട്ടികൾക്കുള്ള വിവിധ ചെലവുകൾ എന്നീ ഇനങ്ങളിലാണ് തുക ചെലവഴിക്കുന്നത്. |
| ഇ) | സ്കീമിൽ ചേരുന്ന വിദ്യാർത്ഥികൾ തുക നൽകേണ്ടതുണ്ടോ; എങ്കിൽ എത്ര; | ഇ) | ഇൻസെന്റീവ് ലിൻക്ഡ് ഫീസ് നൽകേണ്ടതുണ്ട്. വിദ്യാർത്ഥികൾ തിരഞ്ഞെടുക്കുന്ന തൊഴിൽ മേഖലക്കനുസരിച്ച് 3600 രൂപ മുതൽ 7000 രൂപ വരെയുള്ള കോഴ്സുകളാണ് ഇപ്പോൾ നിലവിലുള്ളത്. |
| എഫ് | ഇവർക്ക് ഏതൊക്കെ മേഖലയിലാണ് പരിശീലനം ലഭിക്കുന്നത്; ഇതിനായി പരിശീലകരെ തെരഞ്ഞെടുത്തിട്ടുണ്ടോ; | എഫ് | കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷും ഐ.ടി.യും ഉൾപ്പെട്ട ഫൗണ്ടേഷൻ കോഴ്സ് പരിശീലനം എല്ലാ വിദ്യാർത്ഥികൾക്കും നൽകും. തുടർന്ന് കുട്ടികളുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ മേഖലയിൽ പരിശീലനം നൽകും. |
| ജി | പരിശീലകരെ തെരഞ്ഞെടുത്തത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്; | ജി) | കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷും ഐ.ടി.യും പരിശീലനം നൽകുന്നതിനായി പരിശീലകരെ തിരഞ്ഞെടുത്തിട്ടുണ്ട്. നാസ്കോമിന്റെ NAC Test ൽ 60 % മാർക്ക് ലഭിച്ചവരെ ഇൻഡസ്ട്രി പ്രതിനിധി ഉൾപ്പെട്ട ഒരു സമിതി ഇന്റർവ്യൂ വഴി തിരഞ്ഞെടുക്കുന്നു. |
| എച്ച് | ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ തദ്ദേശീയരായ നിശ്ചിത യോഗ്യതയുള്ളവരെ കണ്ടെത്തി പരിശീലകരാക്കാൻ കഴിയുമോ; അതിനായി എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | എച്ച് | ഇതിനായി പരിശീലകരെ നിർദ്ദേശിക്കുവാൻ അതത് എം.എൽ.എ.മാരോട് ആവശ്യപ്പെടുകയും അവർ നിർദ്ദേശിച്ച പരിശീലകരെ മേൽ വിവരിച്ച രീതിയിലൂടെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കോളേജുകളിലെ അവസാന വർഷ ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിയ ശേഷം തിരഞ്ഞെടുക്കുന്നതിനുള്ള കാമ്പസ് റിക്രൂട്ട്മെന്റ് ഡ്രൈവും അവലംബിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ